മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം: പ്രളയദുരിതവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കൽ - രജിസ്ട്രാറുടെ ഓഫീസിൽ നടന്ന യോഗം - തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം എ1 സെക്ഷൻ

നം. 6663/എ1/2/2018/ഭരണവിഭാഗം                    തീയതി, പ്രിയദർശിനി ഹിൽസ്, 12.09.2018

സൂചന: (1) സർവ്വകലാശാല ഉത്തരവ് നമ്പർ. 6625/എ1/2/2018/ഭരണവിഭാഗം തീയതി 11.09.2018.
(2) 06.09.2018, 3.45 P.M.-ന് രജിസ്ട്രാറുടെ ഓഫീസിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് സർവ്വകലാശാലയിൽ നിന്നും നൽകിയ വിവിധ സർട്ടിഫിക്കറ്റുകൾ നഷ്ടമായ വിദ്യാർത്ഥികൾക്ക് ടി സർട്ടിഫിക്കറ്റുകൾ വീണ്ടും ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച്, വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ 06.09.2018, 2.30 P.M.-ന് വൈസ് ചാൻസിലറുടെ ചേംബറിൽ നടന്ന യോഗത്തിലെ തീരുമാനങ്ങൾ സംബന്ധിച്ച് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെത്തുടർന്ന്, രജിസ്ട്രാറുടെ ഓഫീസിൽ വെച്ച് ചേർന്ന ബന്ധപ്പെട്ട കമ്മറ്റി, സൂചന (2) പ്രകാരം സമർപ്പിച്ച താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

1. അപേക്ഷകർക്ക് മാർക്ക്ലിസ്റ്റുകൾ/സർട്ടിഫിക്കറ്റുകൾ എന്നിവയുടെ ഡ്യൂപ്ലിക്കേറ്റ് പകർപ്പുകൾ ആയിരിക്കും നൽകുക.

2. അപേക്ഷകർ ബന്ധപ്പെട്ട വില്ലേജാഫീസർ/റവന്യൂ അധികാരിയിൽ നിന്നുള്ള സാക്ഷ്യപത്രം (സർവ്വകലാശാല അംഗീകരിച്ച മാതൃകയിലുള്ളത്) സഹിതം അപേക്ഷിക്കേണ്ടതാണ്.

3. നിശ്ചിത തീയതി വരെ കിട്ടുന്ന അപേക്ഷകൾ ഒന്നിച്ച് പ്രോസസ് ചെയ്യുന്നതും, അതിനുശേഷം ലഭിക്കുന്നവ സമയബന്ധിതമായി നൽകുന്നതുമാണ്.

4. സെപ്തംബർ മാസത്തിലെ അവധി ദിവസങ്ങളായ 20, 21, 23 എന്നീ തീയതികളിൽ പ്രവർത്തിക്കുന്നവർക്ക് കോമ്പൻസേറ്ററി ലീവ് നൽകുന്നതും, അന്നേ ദിവസങ്ങളിലെ ഭക്ഷണം, ആവശ്യമെങ്കിൽ താമസ സൗകര്യം എന്നിവ ലഭ്യമാക്കുന്നതുമാണ്.

5. ടി കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവിനായി 1,00,000/- രൂപ (രൂപ ഒരു ലക്ഷം മാത്രം)-യുടെ പ്രൊവിഷണൽ പേയ്മെന്റ്, ശ്രീ. സക്കീർ ഹുസൈൻ വൈ., സെക്ഷൻ ഓഫീസർ (DLLE)-ന്റെ പേരിൽ നൽകുന്നതാണ്.

6. 25.09.2018-ൽ അസംബ്ലി ഹാളിൽ വെച്ച് അദാലത്ത് കൂടുവാൻ തീരുമാനിച്ചു. അന്നേ ദിവസം ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഓഫിസിൽ രാവിലെ 9 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം അടങ്ങിയ മാതൃക അപേക്ഷാഫാറം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ.എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്:

1. ബന്ധപ്പെട്ട വ്യക്തികൾ/ സെക്ഷനുകൾ
2. വൈസ് ചാൻസിലറുടെ/ പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. പബ്ലിക് റിലേഷൻസ് ഓഫീസർ/ കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ എഡി. എ III
6. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

റഫറൻസ്: ഫയൽ നം. എഡി.എ1-2-220/2018

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം